വിഹിതം യോജിച്ചു നിന്ന് നേടിയെടുക്കുന്നതിനും അതുവഴി ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക ഫെഡറലിസം ഉറപ്പാക്കാനുമുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് സഭയുടെ എല്ലാഭാഗത്തു നിന്നുമുള്ള സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

സംസ്ഥാനത്തിന്റെ ധന മാനേജ്മെന്റ്

11. അടുത്ത രണ്ടോ മൂന്നോ മാസങ്ങൾക്കകം സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാവും. തെരഞ്ഞെടുപ്പു വർഷത്തിലായതിനാൽ വിജയകരമായി കാലാവധി പൂർത്തിയാക്കുന്ന ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കരിതേച്ചു കാണിക്കുവാൻ എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തുന്ന ഒരു പ്രതിപക്ഷത്തെയാണ് ഞാൻ അഭിമുഖീകരിക്കുന്നത്. രാഷ്ട്രീയ രംഗത്ത് ഇന്നു കാണുന്ന ദൗർഭാഗ്യകരമായ ഒരു പ്രവണതയാണിത്. സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് ഏറെ സങ്കീർണ്ണമാണെന്നിരിക്കെ, അത് ഇത്തരം ദുരാരോപണങ്ങൾക്ക് പെട്ടെന്ന് ഇരയാകുമെന്നതിന് സംശയമില്ല. അതിനാൽ അപ്രകാരമുള്ള വിമർശനങ്ങളുടെ പൊള്ളത്തരം തുറന്നു കാട്ടുന്നതിനുവേണ്ടി ഈ സഭയുടെ വിലപ്പെട്ട ഏതാനും നിമിഷങ്ങൾ ഞാൻ ഉപയോഗിക്കട്ടെ. അനിയന്ത്രിതമായി ചെലവു ചെയ്യുന്നു എന്നതാണല്ലോ ഈ ഗവൺമെന്റിനെതിരെ ഉന്നയിക്കപ്പെടുന്ന ഒരു പ്രധാന ആരോപണം. സത്യവുമായി പുലബന്ധം പോലുമില്ലാത്ത ഒരു വിമർശനമാണിത്. 1996-97 മുതൽ 1999-2000 വരെയുള്ള കഴിഞ്ഞ നാല് വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം റവന്യൂ ചെലവുകളുടെ കാര്യത്തിൽ നിയമസഭ പാസാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിനകത്ത് ചെലവുകൾ ഒതുക്കി നിർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

12. മുൻ വർഷങ്ങളെ അപേക്ഷിച്ച് 1998-99, 1999-2000 വർഷങ്ങളിൽ പദ്ധതിയേതര റവന്യൂചെലവുകളിൽ യഥാക്രമം 21.4 ശതമാനത്തിന്റേയും 25.33 ശതമാനത്തിന്റേയും വർദ്ധന ഉണ്ടായിട്ടുണ്ട്.1998-99 ൽ റവന്യൂ ചെലവിന്റെ നാലു മേഖലകളായ സാമ്പത്തിക സർവീസുകൾ, സാമൂഹ്യ സർവീസുകൾ, പൊതു സർവീസുകൾ, ഗ്രാന്റ്-ഇൻ- എയ്ഡുകളും സംഭാവനകളും എന്നിവയിൽ വച്ച് സാമ്പത്തിക സർവീസുകളിലെ ചെലവിൽ മാത്രമാണ് 43.56 ശതമാനം വർദ്ധന ഉണ്ടായത്. ഇതിനു കാരണം ഗ്രാമീണ വികസനത്തിന് ഈ സർക്കാർ നൽകിയ ഊന്നലാണ്. വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച പദ്ധതി വിഹിതം ഉൾപ്പെടുന്ന ഈ മേഖലയുടെ വിഹിതത്തിൽ 80 ശതമാനം വർദ്ധനവുണ്ടായി. പദ്ധതിയേതര റവന്യൂചെലവിന്റെ മറ്റെല്ലാ മേഖലകളിലും ഇത് 17 ശതമാനത്തിൽ താഴെ മാത്രമാണ്. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനു ശേഷം പോലും പദ്ധതിയേതര മേഖലകളിലെ ചെലവ് പലയിനങ്ങളിലും 14 ശതമാനത്തിൽ താഴെയാണെന്നു കാണാം.

LIBRARY ARCHIVES Kerala Legislative Assembly

13. നേരെമറിച്ച് 1999-2000-ൽ പൊതുസേവന രംഗത്ത് ചെലവിൽ 40.76 ശതമാനം വർദ്ധനവുണ്ടായി. പെൻഷൻ, പലിശ എന്നീ ഇനങ്ങളിലുണ്ടായ വർദ്ധനവാണ് ഇതിനു കാരണം. 1998-99-ലേതിനെ അപേക്ഷിച്ച് 1999-2000-ൽ പെൻഷൻ ചെലവ് 654 കോടി രൂപ കണ്ട് വർദ്ധിച്ചു. ആ വർഷം റിട്ടയർചെയ്ത ജീവനക്കാരുടെ പെൻഷനും മറ്റാനുകൂല്യങ്ങളും പുതുക്കിയ നിരക്കിൽ കൊടുക്കേണ്ടിവന്നതിനാലാണ് ക്രമാതീതമായ ഈ വർദ്ധനവുണ്ടായത്. അതു കൂടാതെ വായ്പകൾക്കുമേൽ നൽകേണ്ടിവന്ന പലിശ 506 കോടി രൂപ കണ്ട് വർദ്ധിച്ചു. ഇത് സംസ്ഥാന ബഡ്ജറ്റിൽ അംഗീകരിച്ച ചെലവുകൾ വഹിക്കുന്നതിനുവേണ്ടി എടുക്കേണ്ടി വന്ന ഹ്രസ്വകാല വായ്പകൾക്ക് വേണ്ടിയായിരുന്നു. സംസ്ഥാനത്തു നിലനിന്ന സാമ്പത്തിക മാന്ദ്യംമൂലം റവന്യൂ പിരിവുകളിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. ഇക്കാരണങ്ങളാൽ ഗവൺമെന്റിന് ഹ്രസ്വകാല വായ്പകളെ ആശ്രയിക്കേണ്ടി വന്നു.

14. ഇത്രയേറെ പ്രതികൂലമായ സാഹചര്യത്തിൽ പ്രവർത്തിക്കേണ്ടി വന്നപ്പോഴും 1994-96 കാലഘട്ടത്തെ ചെലവുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇനംതിരിച്ചുള്ള ചെലവുകളിൽ കേവലം 18% ൽ താഴെയുള്ള വർദ്ധനവു മാത്രമാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളത്. മുൻ ഗവൺമെന്റിനെ അപേക്ഷിച്ച് വിവേകപൂർവ്വമായി സാമ്പത്തിക മാനേജ്മെന്റ് കൈകാര്യം ചെയതത് ഈ ഗവൺമെന്റാണെന്ന കാര്യം ഇതിൽനിന്നും വ്യക്തമാവും. ഇതിനർത്ഥം, അനാവശ്യമായ ചെലവുകൾ എവിടെവിടെ കണ്ടുപിടിക്കപ്പെട്ടാലും നിയന്ത്രിക്കുകയില്ലെന്നല്ല. എന്നാൽ എന്റെ കാലഘട്ടത്തിൽ, ചെലവിനങ്ങളിൽ കാണുന്ന വർദ്ധനവിന് കാരണമായത് ശമ്പളവും പെൻഷനും കൊടുത്ത വകയിലുണ്ടായ വർദ്ധന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വർദ്ധിച്ച അടങ്കൽ തുക, പലിശ കൊടുക്കുന്നതിന് വേണ്ടിവന്ന അധിക തുക ഇവയൊക്കെയാണ്. സംസ്ഥാനങ്ങളിലെ ചെലവു ചുരുക്കുന്നതിനുള്ള ശ്രമങ്ങളെ സംബന്ധിച്ച് 24-11-2000-ൽ ലോക ബാങ്ക് സംഘടിപ്പിച്ച സെമിനാറിൽ റിസർവ്വ് ബാങ്കിന്റെ ഡപ്യൂട്ടി ഗവർണറും പബ്ലിക് ഫൈനാൻസിൽ ഒരാധികാരിക വക്താവുമായ ഡോ. വൈ.വി.റെഡ്ഡി ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി. "ബാദ്ധ്യതപ്പെട്ട ചെലവിനങ്ങളായ ശമ്പളം, പെൻഷൻ, പലിശ എന്നിവയിലുണ്ടായ വൻതോതിലുള്ള വർദ്ധന സാമ്പത്തിക ക്രമീകരണത്തിൽ കടുത്ത പരിമിതികൾ സൃഷ്ടിക്കുന്നു."

15. പൊതുചെലവിനങ്ങളിൽ വന്നിട്ടുള്ള വർദ്ധന ഏതെല്ലാം ഇനങ്ങളിൽ എത്രത്തോളം എന്ന് ഇനി ഞാൻ വിശദീകരിക്കാം. അഞ്ചുവർഷം കൂടുമ്പോൾ നടത്തേണ്ടുന്ന ശമ്പളപരിഷ്ക്കരണം മുഖേന ജീവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്നതിനു ഈ ഗവൺമെന്റ് കാര്യമായ പരിഗണന നൽകിയിട്ടുണ്ട്. അഞ്ചാം കേന്ദ്ര ശമ്പളകമ്മീഷൻ ശുപാർശകളേക്കാൾ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകി ശമ്പള പരിഷ്ക്കരണം നടത്തുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ മാനദണ്ഡം സൃഷ്ടിച്ചു. സാമ്പത്തിക പരിമിതികൾക്കകത്തു നിന്നുകൊണ്ട് ജീവനക്കാരുടെ സംഘടനകളുമായി ചർച്ചചെയ്ത് സാമാന്യം മെച്ചപ്പെട്ട ഒരു വേതനഘടന നമ്മുടെ സംസ്ഥാനത്തും നടപ്പിലാക്കി. ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്ന അധികച്ചെലവ് അനുഭവപ്പെടുക സാധാരണ ഗതിയിൽ പരിഷ്ക്കരണം നടത്തി തുടർന്നുള്ള രണ്ടുമൂന്നു വർഷങ്ങളിലാണ്. കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളിലായി ശമ്പളച്ചെലവിലുണ്ടായ വർദ്ധന പരിശോധിച്ചാൽ ജീവനക്കാർക്ക് ലഭ്യമായ യഥാർത്ഥ ആനുകൂല്യത്തിന്റെ തോത് വെളിപ്പെടും. 1992-ലെ ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി ഉണ്ടായ അധികച്ചെലവ് 24.62 ശതമാനമായിരുന്നപ്പോൾ 1997-ലെ ശമ്പള പരിഷ്ക്കരണം മൂലമുണ്ടായ വർദ്ധന 36.31 ശതമാനാണ്.

16. പെൻഷൻ പരിഷ്ക്കരിക്കുന്നതിലും ഇതേ സമീപനമാണ് സർക്കാർ സ്വീകരിച്ചത്. മുൻ കാലങ്ങളിൽ ശമ്പള പരിഷ്ക്കരണ സമയത്ത് പെൻഷൻകാർ പരിഷ്ക്കരണകാര്യങ്ങളിൽ അവഗണിക്കപ്പെട്ട വിഭാഗമായിരുന്നു. 1997-ലെ ശമ്പള പരിഷ്ക്കരണത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്നിടത്തോളം ശ്രദ്ധിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ 1992 ലെ ശമ്പള പരിഷ്ക്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ .പെൻഷൻകാരുടെ പ്രശ്നം ഉൾപ്പെടുത്തിയിട്ട് പോലുമില്ലായിരുന്നു. അവകാശങ്ങൾ നിഷേധിക്കപ്പെട്ട അസംതൃപ്തരായ ജീവനക്കാരെ ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടു കൊണ്ടുപോവുക ഗവൺമെന്റിന് അസാദ്ധ്യമായിരിക്കും. ഏതൊരു പുരോഗമന ഗവൺമെന്റിൽനിന്നും പ്രതീക്ഷിക്കുന്നതുപോലെ ഈ സർക്കാരും സാമ്പത്തിക അച്ചടക്കം ബലികഴിക്കാതെ സ്വന്തം ജീവനക്കാരോടും പെൻഷൻകാരോടും പരമാവധി നീതി പുലർത്തിയിട്ടുണ്ട്. പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷനിൽ 27.36 ശതമാനം വർദ്ധനമാത്രമായിരുന്ന സ്ഥാനത്ത് ഇപ്പോഴത്തെ പരിഷ്ക്കരണത്തിന്റെ ഫലമായി വർദ്ധന 40.21 ശതമാനമായി ഉയർന്നു . ഒപ്പം കാർഷികവ്യവസായ പരമ്പരാഗത മേഖലകളിലെ തൊഴിലാളി പെൻഷനുകളുടേയും ഇതര ക്ഷേമ പെൻഷനുകളുടേയും തുകയും വർദ്ധിപ്പിച്ചു.

17. സംസ്ഥാനത്തിന്റെ കടം ക്രമാതീതമായി വർദ്ധിച്ചുവെന്ന ഒരു വിമർശനം പലപ്പോഴും ഉയർന്നു കേൾക്കുന്നതാണ് . സംസ്ഥാനം കടത്തിൽ മുങ്ങിയെന്നോ, കടക്കെണിയിൽ അകപ്പെട്ടിരിക്കുകയാണെന്നോ ഒക്കെയാണ് തൽപ്പരകക്ഷികൾ പ്രചരിപ്പിക്കുന്നത്. ബോധപൂർവ്വമായ ഇത്തരം കുപ്രചാരണങ്ങളിൽ ചിലരെങ്കിലും അറിയാതെ വീണു പോയിരിക്കാം. അവർക്ക് സത്യസ്ഥിതി മനസ്സിലാക്കുന്നതിനായി ഏതാനും കാര്യങ്ങൾ വെളിപ്പെടുത്തുന്നതിന് ഞാൻ ഈയവസരം ഉപയോഗിക്കട്ടെ. വരുമാനത്തിന്റെ വിടവ് നികത്താനായി സ്വരൂപിക്കുന്ന കടം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ രണ്ടുമാർഗ്ഗങ്ങളാണുള്ളത്. ഒന്നാമതായി ന്യായമായ ആവശ്യങ്ങൾക്കുവേണ്ടിയാണോ ഈ കടം ചെലവഴിച്ചിട്ടുള്ളത്. രണ്ടാമതായി വരുംതലമുറയ്ക്ക് ഇത് ഭാരിച്ച ബാദ്ധ്യതയായി തീരുമോ ? 1997-98 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച തോതിൽ ധനകൈമാറ്റം ചെയ്ത കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഈ ചെലവുകളിൽ ഭൂരിഭാഗവും റോഡുകൾ, ആശുപത്രികൾ, സ്കൂളുകൾ, സാമൂഹ്യ വികസനം എന്നീ മുഖ്യന മേഖലകൾക്കാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ കംപ്ട്രോളർ

LIBRARY ARCHIVES Kerala Legislative Assembly

ആന്റ് ആഡിറ്റർ ജനറൽ രൂപം നൽകിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം ഈ ചെലവുകളെ "റവന്യൂ ഗ്രാന്റ്" ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തന്മൂലം ഓരോ വർഷവും നിയമസഭയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ റവന്യൂകമ്മി 1000 കോടിയോളം കണ്ട് വർദ്ധിക്കുന്നുണ്ട്.

18. കൂടെക്കൂടെ ബോധപൂർവ്വം ഉദ്ധരിക്കുന്ന ഈ കടത്തിന്റെ കണക്ക് നമുക്ക് ഇനി വിശദമായി പരിശോധിക്കാം. 1990-1995, 1995-2000 കാലഘട്ടങ്ങളിൽ കടത്തിന്റെ ശരാശരി വളർച്ചാനിരക്ക് 18 ശതമാനം ആയിരുന്നു എന്നതാണ് യാഥാർത്ഥ്യം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കടത്തിന്റെ വളർച്ചാനിരക്ക് ഈ ദശകത്തിൽ ഒരേപോലെ നിലനിന്നിരുന്നതായി കാണാം. 1994-95-ൽ കടത്തിന്റെ വളർച്ച 22.53 ശതമാനത്തിലേയ്ക്ക് ഉയർന്നു. ഇതിനെ 1996-97 ൽ 12.93 ശതമാനമായും 1997-98 ൽ 12.67 ശതമാനമായും താഴ്ത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. നേരത്തെ വിവരിച്ച കാരണങ്ങളാൽ 1998-99-ൽ കൂടുതൽ കടമെടുക്കാൻ ഗവൺമെന്റ് നിർബന്ധിതമായി. 31-3-2000 ആയപ്പോഴേയ്ക്കും കടം 20,176 കോടി രൂപയായി. ഈ പശ്ചാത്തലത്തിൽ വേണം കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യമാനേജ്മെന്റിന്റെ ഉദാഹരണമായി 400 കോടി രൂപ മിച്ചം വച്ചു കൊണ്ടാണ് ഖജാന കൈമാറിയതെന്ന രസകരമായ കഥയുടെ പൊരുൾ തേടേണ്ടത്. ഒന്നാമതായി, ഉദ്ധരിക്കപ്പെട്ട കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം ശരിയല്ല. എന്നാൽ ഈ അവകാശവാദത്തിലടങ്ങിയിരിക്കുന്ന വിരോധാഭാസം മനസ്സിലാക്കേണ്ടതുണ്ട്. ഒരു ഗവൺമെന്റിന്റെ കടം 15 മുതൽ 23 ശതമാനം വരെ വളർച്ചാനിരക്ക് രേഖപ്പെടുത്തുമ്പോൾ ട്രഷറിയിൽ മിച്ചമുണ്ടെന്ന് അവകാശപ്പെടുന്നതിന് അർത്ഥം അനാവശ്യമായി കടം വാങ്ങി ഒഴിവാക്കാമായിരുന്ന പലിശ ബാദ്ധ്യത വരുത്തിവെച്ചുവെന്നതാണ്. ഇത് കെടുകാര്യസ്ഥതയുടെ മകുടോദാഹരണമല്ലെങ്കിൽ മറ്റെന്താണ് ? നേരെമറിച്ച് ഈ ഗവൺമെന്റ് അടുത്തകാലത്തായി വാങ്ങിയ കടങ്ങളെല്ലാം തന്നെ സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് അനായാസം വീട്ടിത്തീർക്കാവുന്ന ഹ്രസ്വകാല വായ്പകൾ മാത്രമായിരുന്ന് എന്നു കാണാം . ഇതു പോലും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി മാത്രമാണ് വാങ്ങിച്ചിട്ടുള്ളത്.

വികസനവും പദ്ധതി അടങ്കലും

19. സാമ്പത്തികമാന്ദ്യത്തിന്റെ ഈ കാലഘട്ടത്തിലും പദ്ധതിച്ചെലവുകൾ പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് നടത്തിയിട്ടുള്ള ശ്രമങ്ങളിലൂടെ പ്രകടമാകുന്നത് സംസ്ഥാന സർക്കാരിന്റെ വികസനത്തോടുള്ള പ്രതിബദ്ധതയാണ്. വർഷങ്ങളായി സംസ്ഥാനത്തിന്റെ കടബാദ്ധ്യത എങ്ങനെയാണ് ഇത്രയധികം ഉയർന്നത് എന്ന് പഠിക്കാൻ ശ്രമിക്കാതെ ഈ ഗവൺമെന്റ് വളരെയധികം കടബാദ്ധ്യത വരുത്തിവച്ചു എന്നതാണ് ഇക്കൂട്ടർ നടത്തുന്ന വ്യാജപ്രചരണം. യഥാർത്ഥത്തിൽ പദ്ധതിച്ചെലവുകൾ ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ട് സാമ്പത്തിക ബുദ്ധിമുട്ടിൽ നിന്ന് ഗവൺമെന്റിന് കരകയറാമായിരുന്നു. മാന്ദ്യത്തിന്റെ കാലഘട്ടത്തിൽ ഇതല്ലാതെ മറ്റ് പോംവഴിയില്ലെന്ന ന്യായത്തിന്റെ മറവിൽ അഭയം തേടാമായിരുന്നു. 1991-92 കാലഘട്ടത്തിൽ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ പദ്ധതി അടങ്കൽ 807 കോടി രൂപയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

fiscal reforms programme", what would unfortunately happen is that States will have to subject its Public Debt to a sort of "fiscal therapy", failing which it will not get its entitlements. This move, clearly infringes on the powers and Consitutional status of State Governments. And all this-when it is known clearly that even the Centre has not been able to achieve its fiscal deficit reduction targets for the last three years in spite or its resolve. I have to point out that this is the first time that a Finance Commission has been used to weaken the fabric of federal state relations enshrined in the Consitution.

10. Government of India has one readymade solution to all the difficulties that states face now- reduce subsidies, cut down the number of government employees, freeze salaries and dearness allowance, privatise public sector undertakings, curtail plan expenditure and levy as many taxes as possible. The Left Democratic Government will not accept such proposals that will stultify development besides hitting the common man. We have to unanimously suggest alternative remedies that would include increasing the state's share of central taxes to 50% , and compensating the State through a commensurate grant equivalent to the losses suffered on account of the recommendations of the Eleventh Finance Commission or in the alternative, set off these losses aganist the dues that States owe to Government of India. We would urge changing the loan to grant ratio from the existing 70:30 to 50:50. The constant refrain by some that the State is facing a financial crisis is only a poly to make our State also like many others to enter into an agreement with Government of India. This is an onslaught on the sovereignty of the people. I call on all the members of this House to join as one to ensure that the State gets all its due entitlements from the Centre and thereby strengthen the fiscal federalism inthe country.

FINANCIAL MANAGEMENT OF THE STATE

11. In the course of the next two or three months, we would have completed the elections in the State. I would expect that being an election year the Opposition would not spare opportunities to malign the performance of an incumbent government that is successfully completing its term. Well, such may be the unfortunate realpolitik of the times that dictates mindless affornts to governance. Financial

LIBRARY ARCHIVES Kerala Legislative Assembly

management of the State being the most complex, no doubt, becomes the easiest target! I would therefore like to take a few minutes of this august assembly to humbly point out the hollowness of such criticism. The easiest accusation would be to say that Government is encouraging unbridled expenditure . Nothing could be farther from the truth. In the last four years from 1996-97 to 1999-2000 for which final accounts of the Accountant General are available now, this Government has controlled expenditure and stayed within the budgeted figures of revenue expenditure, approved by the Legislative Assembly.

12. Non plan revenue exenditure under this Government has increased primarily largely on acoount of salaries and pensions alone. There was a marked rise in non plan revenue expenditure in two years 1998-99 and 1999-2000 of 21.4% and 25.33% as compared to the previous years. In 1998-99 out of the four areas of Revenue expenditure, viz. Economic Services, Social Services, General Services and Grants in aid & Contributions, only Economic Services showed a rise of 43.56%. The reason for this is that the outlay on Rural Devlopment, under which assistance to Panchayats is accounted for, was increased by 80% to accommodate the Plan Allocation to Panchayats under decentralised planning. Every other item of non plan revenue expenditure has increased below the 17% level and many of them well under the 14% mark, despite the fact that outflows on account of salaries after the pay revision had begun.

13. On the other hand, in 1999-2000, expenditure on General Services out of the four classes of expenditure (Economic Services, Social Services, General Services and Grants in aid & Contributions) showed a major spurt of 40.76% which explained the overall rise in expendiutre. This marked jump was accounted for by two items viz. pension payments and interest payments. Pensions rose by Rs. 654 cr. in 1999-2000 over 1998-1999. This is explained by the fact that it was the first year in which all the emloyees retiring in that year drew pensions and retirement benefits at the revised levels. Interest payments onthe other hand grew by Rs. 506 cr. This is purely on account of short-term borrowings that the State had to rely on to finance expenditure approved in the State Budget. On account of the severe recession that persisted for an extended period in the State, revenue collection fell short of targets. This was the reason why such short-term borrowings had to be resorted to.

LIBRARY ARCHIVES Kerala Legislative Assembly

14. Despite the adverse circumstances under which Government operated, I have controlled the non plan revenue expenditure, as is seen on an item-to-item comparison was below the 18% levels during 1994-1996. Thus, it is clear that the record of this Government in prudential financial management is indeed creditable-significantly better than its predecessor government. This is not to imply that wasteful expendiutre should not be further controlled wherever this is detected. However, the rise in expenditure during my tenure as Finance Minister can be explained by rise in salaries and pensions, increased outflow to local bodies and interest payments. Speaking on the subject of the efforts, State Governments have initiated to control expenditure, Dr. Y.V. Reddy, Deputy Governor, RBI and noted authority on public finances observed in his speech at India States' Reform Forum organised by the World Bank, at New Delhi, on November 24, 2000: *"There are, however, severe limitations in regard to the adjustment effort in view of the large magnitudes of committed expenditures viz., salaries, pensions and interest charges."*

15. It is instructive to look at some of these major items that have accounted for increase in public expendiutre . Every Government is moved by the paramount consideration of rewarding its employees equitably through the pay revision that takes place once in five years. After the Fifth Central Pay Commission submitted its report, Government of India set a norm across the country by improving on its recommendations and implementing the same. After very serious deliberations that Government had with Employee Organisations, Government offered a package which was a fair revision.The effect of pay revision is felt over an extended period of two to three years, the increase in wage bill over this three year period is a good measure of how the actual benefit that accrues to employees. This time the increase on account of pay revision works out to 36.31% while the increase during the previous pay revision in 1992 was only 24.62%.

16. Again this very same concern has dirven this Government's approach in revising the rate of pensions also. An unfortunate practice that sometimes is allowed to set in is to ignore the plight of former employees who are already pensioners at the time of the pay revision. The pay revision of 1997 has endeavoured to address this problem as best as it could. In fact in 1992, pensioners were not even covered under the Terms of Reference of the pay revision exercise. A

LIBRARY ARCHIVES Kerala Legislative Assembly

discontented and deprived work force would have been a drag on the development efforts initiated by this Government. We have as expected of any progressive Government, tried to be fair to the employees, both serving and retired, without sacrificing financial discipline. This time the growth in pension commitments works out to 40.21% as aganist 27.36% in the previous revision. At the same time we increased the welfare pensions of all categories of workers in the traditional sectors of agriculture and industries.

17. A criticism that is often heard is that debt levels have risen to inordinate levels. Some mischievous elements even to the extent of saying that the State is 'sunk' in debt or that the State has fallen into a 'debt trap'. Left me use this opportunity to throw light on the subject- at least to be able to dispel misgivings from the minds of persons who do not want to be beguiled by the misinformation. As explained earlier, there are a couple of measures that indicate a Government's prudent use of debt to finance its shortage on resources. Firstly, has the debt been incurred for valid reasons ? Secondly, will the debt impose heavy liability on future generations ? I have mentioned, at some length, the sustantial devolution that the State has made to local self-governments from 1997-98 onwards. Most of this expenditure is on capital works-like, roads, hospitals, schools and community works. However, the present limitations of accounting under the rules framed by the Comptroller and Auditor General, necessitate that such devolution be classified as 'revenue grants'- which in turn adds to the revenue deficit. Thus the estimates of revenue deficits in the budget, placed each year for the approval of the Legisaltive Assembly, have been bloated by nearly a thousand crores.

18. Let us now glance at the figures on debt that are so often quoted wantonly. The truth is that the average growth rate in 1990-95 and 1995-2000 has been 18% for both these periods- In other words, the growth rates have been the same through out the decade. In the year 1994-95, the State saw the growth in debt mounting at the rate of 22.53%. This Government brought this down to 12.93% and 12.67% in 1996-97 and 1997-98 respectively. It was in1998-99, for reasons explained earlier, the Government was cpmpelled to resort to increased borrowing -that has led to an increase in the level of debt to Rs. 20176 cr. as on 31-3-2000. On amusing story that is cited as an instance of superb financial management by the predecessor Government- is that when that government had handed over power,

LIBRARY ARCHIVES Kerala Legislative Assembly

there was a surplus of over Rs. 400 cr. in the treasuries. Firstly the figures touted out are not true as is seen from the reports of the Accountant General. But there is a more ironic side to this claim. When a Government resorts to borrowing, increasing at levels of 15-23% , any surplus in the treasuries means, that Government has unncessarily borrowed excessively - thereby incurring avoidable interest cost . It would be a clear case of imprudent financial management! On the other hand, the borrowing that I have resorted to is largely made of shortterm borrowings, which can be easily discharged once the revenue collection improves- and that too I have taken recourse to debt solely for financing development expenditure of the State.

DEVELOPMENT AND PLAN OUTLAY

19. The State Government's commitment to development is best reflected inthe efforts it has made to sustain plan expenditure through these recessionary years. The misinformation spread about the State government's debt is that Government has incurred inordinate levels of debt, without bothering to study how the pattern of debt has grown over the years. In fact, the State Government had an easy option out of the financial difficulties by cuttiing down drastically on plan expenditure. It could have easily taken shelter under the argument that the recession left very little option for it. In fact in 1991-92, the original plan outlay was scaled down from Rs. 807 cr. to Rs. 623 cr. In the following year- 1992-93, again the plan outlay was reduced from Rs. 913 cr. to Rs. 807 cr. in the wake of financial difficulties. However, it goes to the credit of this Government that it avoided the easy path and chose to tread on the more difficult path of sustaining development efforts. The final plan oulay, which was Rs. 623 cr. in 1991-92 has increased to Rs. 3600 cr. in 2001-02- nearly six fold increase over ten years. It is a matter of great statisfaction for the Government that it has steered plan expenditure through the turbulent financial situation that prevailed in the country and more specifically that state of our agricultural economy-without resorting to easy remedies and squeezing the plan expenditure.

20. In 1999-2000, the plan outlay approved by the Planning Commission was Rs. 3250 cr. out of which Rs. 2117 was the expected receipts from Government of India as decided in the discussion with Planning Commission. In the month of January 2000,

LIBRARY ARCHIVES Kerala Legislative Assembly